

ജില്ലാ ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ സ്പോർട്സ് കൗൺസിൽ മെംബർ ടി.പി. ബിനീഷ് ബോൾ എറിഞ്ഞ് ഉദ്ഘാടനം ചെയ്യുന്നു.

# ത്രോബോൾ: മട്ടന്നൂരും പട്ടാന്നൂരും ചാമ്പ്യൻമാർ

**മട്ടന്നൂർ:** ജില്ലാ ജൂണിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ ജൂണിയർ ആൺ കുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ ഹയർസെക്കൻഡറി സ്കൂളും പെൺകുട്ടികളുടെ വിഭാഗത്തിൽ പട്ടാനൂർ കെപിസി ഹയർ സെക്കൻഡറിയും ചാമ്പ്യൻമാർ.

ആൺകുട്ടികളുടെ വിഭാഗത്തിൽ പട്ടാനൂർ കെപിസി ഹയർസെക്കൻഡറി രണ്ടാം സ്ഥാനവും മട്ടന്നൂർ ബ്രദേഴ്സ് മൂന്നാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ പാലോട്ട് പള്ളി ക്രസന്റ് സ്കൂളാണ് റണ്ണേഴ്സ് അപ്പ്. മട്ടന്നൂർ ഹയർസെക്കൻഡറിക്കാണ് മൂന്നാം സ്ഥാനം. മിനി ത്രോ ബോളിൽ പാലോട്ടുപള്ളി വിഎംഎം സ്കൂൾ ഒന്നാം സ്ഥാനവും ആക്റ്റീവ് സ്പോർട്സ് അക്കാദമി രണ്ടാം സ്ഥാനവും നേടി.

മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചാമ്പ്യൻഷിപ്പ് ജില്ലാ സ്പോർട്സ് കൗൺസിൽ മെംബർ ടി.പി. ബിനീഷ് ഉദ്ഘാടനം ചെയ്തു. ടി.പി. ബഷീർ അധ്യക്ഷത വഹിച്ചു. മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ മാനേജിംഗ് കമ്മിറ്റി പ്രസിഡന്റ് ഇ.വി. വിനോദ് കുമാർ മുഖ്യാതിഥിയായിരുന്നു. അമീർ അലി, എ.കെ. വിനോദ്, എം. ഷംസുദീൻ, നിവേദ്യ സുശീദ്, കെ. സരിക , കെ. ഫവാസ്, പി.പി. ശ്യാം എന്നിവർ പ്രസംഗിച്ചു.

# മിനി ത്രോബോൾ ചാംപ്യൻഷിപ്പ്

മട്ടന്നൂർ● കണ്ണൂർ ജില്ലാ ജൂനിയർ ആൻഡ് മിനി ത്രോബോൾ ചാംപ്യൻഷിപ്പ് ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം ടി.പി. ബിനീഷ് ഉദ്ഘാടനം ചെയ്തു.

ഇ.വി. വിനോദ് കുമാർ, അമീർ അലി, ടി.പി.ബഷീർ, എ.കെ.വിനോദ്, എം.ഷംസുദീൻ, നിവേദ്യ സുശീദ്, കെ.സരിക, പി.പി.ഫവാസ്,

ശ്യാം സാഹചൻ എന്നിവർ നേതൃത്വം നൽകി.